## പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3368 — 21.12.2012- ൽ മറുപടിക്ക്

### നഗരപ്രദേശങ്ങളിൽ കൃഷി പ്രചരിപ്പിക്കുന്നതിനുള്ള പദ്ധതികൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. വി. ശിവൻകുട്ടി | | ശ്രീ. കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| എ നഗരപ്രദേശങ്ങളിൽ കൃഷി പ്രചരിപ്പിക്കുവാനും ആയതിൽ നഗരവാസികളെ പങ്കാളികളാക്കാനും ഇപ്പോൾ എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കി വരുന്നത്;<br><br>ബി പ്രസ്തുത പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | എ & ബി | (i) സംസ്ഥാന കൃഷി വകുപ്പിന്റെ കൊല്ലം, തൃശൂർ നഗരസഭകളിൽ 2012-13 - ലെ പച്ചക്കറി കൃഷി വികസന പദ്ധതിയിൽ അർബൻ ക്ലസ്റ്റർ എന്ന ഘടകത്തിൽ ഉൾപ്പെടുത്തി മട്ടുപ്പാവു കൃഷിക്കായി ഗ്രോബാഗുകളിൽ നട്ടു പിടിപ്പിച്ച പച്ചക്കറി തൈകൾ നൽകുന്ന പദ്ധതി.<br><br>ഈ പദ്ധതി പ്രകാരം 13,250 വീടുകൾക്ക് വീതം (ആകെ 26,500 യൂണിറ്റ്) 2000 രൂപ വില മതിക്കുന്ന ഗ്രോ ബാഗ് യൂണിറ്റുകൾ 75% സബ്സിഡി നിരക്കിൽ നൽകുന്നു. 1 യൂണിറ്റിൽ 25 ഗ്രോബാഗ് ഉണ്ടായിരിക്കും. ഗ്രോബാഗുകളിൽ പോട്ടിംഗ് മിശ്രിതം നിറച്ച് പച്ചക്കറി തൈകൾ നട്ട് നൽകുന്നു. കൂടാതെ സംസ്ഥാനത്ത് ഒട്ടാകെയുള്ള 60 മുൻസിപ്പാലിറ്റികളിലായി 80000 ഗ്രോ ബാഗ് യൂണിറ്റുകൾ വിതരണം ചെയ്യുന്നു. ഓരോ മുനിസിപ്പാലിറ്റിയും 1330 ഗ്രോ ബാഗ് യൂണിറ്റുകളാണ് റസിഡൻഷ്യൽ അസോസിയേഷനുകൾ വഴി വിതരണം ചെയ്യുന്നത്. ഇതിനകം തന്നെ 11,767 യൂണിറ്റുകൾ വിതരണം ചെയ്തു കഴിഞ്ഞു. ഹോർട്ടികൾച്ചർ മിഷൻ, വി,എഫ്.പി.സി.കെ, സംസ്ഥാന |

വിത്തു വിതരണ അതോറിറ്റി, കൃഷി വകുപ്പ് ഫാമുകൾ, കേരള കാർഷിക സർവ്വകലാശാല എന്നിവയുടെ നേതൃത്വത്തിലാണ് തൈകൾ വിതരണം ചെയ്യുന്നത്. റസിഡൻഷ്യൽ അസോസിയേഷനുകൾ, ക്ലബുകൾ എന്നിവ മുഖേന കുടുംബശ്രീ യൂണിറ്റുകളുടെ സഹായത്തോടെയാണ് ടി പദ്ധതി വിജയകരമായി നടപ്പാക്കി വരുന്നത്. അതിനു വേണ്ടതായ ബോധവൽക്കരണ/പരിശീലന പരിപാടികളും സംഘടിപ്പിക്കുന്നുണ്ട്. ഡിസംബർ അവസാന വാരത്തോടെ വിതരണം പൂർത്തീകരിക്കുവാനാണുദ്ദേശിക്കുന്നത്.

(ii) തിരുവനന്തപുരം ജില്ലയിൽ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ (ആർ.കെ.വി.വൈ) സഹായത്തോടെ വെജിറ്റബിൾ ഇൻഷ്യേറ്റീവ് ഫോർ പെരി അർബൻ ക്ലസ്റ്റേഴ്സ് എന്ന പദ്ധതി.

2011-12-ൽ 10.70 കോടിരൂപ ചെലവിൽ നടപ്പാക്കിയ ഈ പദ്ധതി പ്രകാരം തിരുവനന്തപുരം ജില്ലയിൽ 6,02,10,000/ രൂപ ചെലവിൽ വീടൊന്നിന് 25 ഗ്രോബാഗുകൾ പോട്ടിംഗ് മിശ്രിതം നിറച്ച് 30,105 വീടുകളിൽ മട്ടുപ്പാവിൽ പച്ചക്കറി കൃഷിയ്ക്കായി നൽകി. നടപ്പ് സാമ്പത്തിക വർഷത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് നഗരങ്ങളിൽ 'പച്ചക്കറി സമൃദ്ധി നാടിനും നഗരത്തിനും' (വെജിറ്റബിൾ ഇനിഷ്യേറ്റീവ് ഫോർ അർബൻ ക്ലസ്റ്റേഴ്സ്) പദ്ധതിയിൽ ഉൾപ്പെടുത്തി മട്ടുപ്പാവ് പച്ചക്കറി കൃഷി ചെയ്യുവാൻ ഉദ്ദേശിക്കുന്നു. വീടൊന്നിന് 2000 രൂപ വിലവരുന്ന 25 ഗ്രോബാഗുകൾ അടങ്ങിയ യൂണിറ്റിന് 1500 രൂപ സബ്സിഡിയും 500 രൂപ ഗുണഭോക്തൃവിഹിതമായും നൽകികൊണ്ട് നഗരത്തിലെ വീടുകളിൽ പച്ചക്കറി കൃഷി നടപ്പിലാക്കുവാൻ ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

594.90 ലക്ഷം രൂപ ചെലവ് വരുന്ന ഈ ഘടകത്തിൽ 39660 വീടുകളിൽ മട്ടുപ്പാവ് പച്ചക്കറി കൃഷി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. റസിഡന്റ്സ് അസോസിയേഷനുകൾ മുഖേന നടപ്പിലാക്കുന്ന പ്രസ്തുത പദ്ധതിയിൽ ഭാഗമാകുന്ന ഗുണഭോക്താക്കൾക്ക് ജൈവരീതിയിൽ പച്ചക്കറികൃഷി പരിശീലനം നൽകുവാനും പദ്ധതി വിഭാവനം ചെയ്യുന്നു.

(iii) വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ നടപ്പാക്കുന്ന ഹരിതനഗരി, മുനിസിപ്പാലിറ്റികളിലെ ഗ്രോബാഗ് കൃഷി എന്നീ പദ്ധതികൾ.

ഹരിത നഗരി പദ്ധതി എല്ലാ ജില്ലകളിലും തെരഞ്ഞെടുത്ത നഗരപ്രദേശത്ത് നടപ്പാക്കുന്നു. രാസവളങ്ങളുടെയും കീടനാശിനികളുടെയും ഉപയോഗം കുറച്ചുകൊണ്ട് പച്ചക്കറി ഉൽപ്പാദനത്തിൽ ഓരോ വീടും സ്വയംപര്യാപ്തമാകണമെന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

ഗ്രോബാഗ് പദ്ധതി പ്രകാരം എറണാകുളത്തെ 5 മുനിസിപ്പാലിറ്റികളിലായി (ആലുവ, കളമശ്ശേരി,, മരട്, തൃപ്പൂണിത്തുറ, ഏലൂർ) 1330 യൂണിറ്റുകൾ വീതം 6650 യൂണിറ്റുകൾ സ്ഥാപിക്കുവാനുള്ള പദ്ധതിയും കൗൺസിൽ വഴി കൃഷി വകുപ്പ് നടപ്പിലാക്കുന്നുണ്ട്. പോട്ടിങ് മിശ്രിതം നിറച്ച 25 ഗ്രോബാഗുകളിൽ പച്ചക്കറിത്തൈകൾ നട്ട് വീടുകളിൽ സ്ഥാപിച്ച് കൊടുക്കുന്നു. 2000/- രൂപയുടെ യൂണിറ്റ് 75% സബ്സിഡിയിൽ 500/- രൂപയ്ക്കാണ് ഉപഭോക്താക്കൾക്ക് എത്തിച്ച് കൊടുക്കുന്നത്.

(signature)

സെക്ഷൻ ഓഫീസർ